(ബി) ലേബർ അജണ്ടയിൽ വിവിധ ക്ഷേമനിധികൾ നിറുത്തലാക്കി ഒരു സംയോജിക ക്ഷേമനിധി ആവിഷ്ക്കരിക്കാൻ പദ്ധതിയുണ്ടോ ;

(സി) ലേബർ അജണ്ടയുടെ നടത്തിപ്പു തൊഴിലാളികളുടെ താൽപ്പര്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഏതെങ്കിലും സംഘടന വിമർശനം ഉന്നിയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) പുതിയ അജണ്ട പ്രകാരം തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കും ?

ഉത്തരം

(എ) തൊഴിലാളികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധി ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന ഒരു 12 ഇനപരിപാടിയാണ് ലേബർ അജണ്ട- 2000. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ക്ഷേമനിധികൾ നിറുത്തലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിച്ച് ഒരു ലേബർ അതോറിറ്റി സ്ഥാപിക്കുവാൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അനുബന്ധമായി ചേർത്തിട്ടുള്ള വിവരങ്ങൾ കാണുക. ലേബർ അജണ്ട തൊഴിലാളി വർഗ്ഗത്തിന്റെ സർവതോൻമുഖമായ ക്ഷേമവും വികസനവും അതുവഴി മെച്ചപ്പെട്ട ജീവിതക്രമവും ഉറപ്പുവരുത്തും.

ലേബർ അക്കാഡമി സ്ഥാപിക്കുവാൻ നടപടി

56(263) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേബർ അക്കാഡമി സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് ഇത് സ്ഥാപിക്കുക ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിനായി ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

---

†അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലേബർ അക്കാഡമിയുടെ ആസ്ഥാനം തിരുവനന്തപുരം ആണ്. തൊഴിലാളികളുടെ മക്കൾക്ക് ഗുണനിലവാരമുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുകയാണ് ലേബർ അക്കാഡമിയുടെ പ്രഖ്യാപിത ലക്ഷ്യം. കംപ്യൂട്ടർ, പാരാമെഡിക്കൽ കോഴ്സുകൾ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾ എന്നിവ, വിവിധ ക്ഷേമനിധി ബോർഡുകളുടെ ആഭിമുഖ്യത്തിൽ തുടങ്ങാനും, തൊഴിലാളികളുടെ കുട്ടികൾക്ക് മുൻഗണനാ ക്രമത്തിൽ ഈ കോഴ്സുകൾക്ക് പ്രവേശനം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) ലേബർ അതോറിറ്റിയുടെ ഭാഗമായാണ് ലേബർ അക്കാദമി പ്രവർത്തിക്കുക. ലേബർ അതോറിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നീ ബോർഡുകൾ ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

57(264) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ് . തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് തൊഴിൽ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) അടുത്ത കാലത്തായി കൊച്ചിയിലും കാര്യവട്ടത്തും, ചാല കമ്പോളത്തിലും ഉണ്ടായ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ലേബർ അജണ്ട എന്ന കർമ്മപദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നു.

(ബി) ഉദിക്കുന്നില്ല.

(സി) തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ അവ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly